LIBRARY ARCHIVES Kerala Legislative Assembly

ടി വിഷയം സംബന്ധിച്ച് ഇതുവരെ ഹൗസിംഗ് ബോർഡിന് അപേക്ഷയൊന്നും ലഭ്യമായിട്ടില്ല.

(സി) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ ഹൗസിംഗ് ബോർഡിന്റെ വീട് നിർമ്മിക്കുന്നതിന് നിലവിൽ പദ്ധതികൾ ഏതെങ്കിലുമുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിവരങ്ങൾ നൽകാമോ?

കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ നിലവിൽ ഭവന നിർമ്മാണ ബോർഡിന് വീട് നിർമ്മിക്കുന്നതിന് പദ്ധതികളൊന്നുമില്ല.

(ഡി) ഹൗസിംഗ് ബോർഡിന്റെ എന്തെല്ലാം പുതിയ പദ്ധതികളാണ് കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഗൃഹശ്രീ പദ്ധതിക്കായി അപേക്ഷ നൽകുന്ന ഗുണഭോക്താക്കളെ ബോർഡ് പരിഗണിക്കുന്നതാണ്. അനുയോജ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് കൈപ്പമംഗലത്ത് ദുർബ്ബല/താഴ്ന്ന വിഭാഗക്കാർക്കായുള്ള ഭവന പദ്ധതികൾ നടപ്പിലാക്കുന്ന വിഷയം പരിഗണിക്കുന്നതാണ്. മതിലകം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണ പദ്ധതി പരിഗണനയിലുണ്ടെങ്കിലും ടി പദ്ധതി നടപ്പിലാക്കുന്നതിന് അനുയോജ്യമായ സ്ഥലം ഭവന നിർമ്മാണ ബോർഡിന് കൈമാറിയിട്ടില്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല.

**ഭവന നിർമ്മാണ പദ്ധതി**

349(2705) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കാങ്കോൽ-ആലപ്പടമ്പ് ഗ്രാമ പഞ്ചായത്തിലെ വൈപ്പിരിയം എന്ന സ്ഥലത്ത് ഭവന നിർമ്മാണ ബോർഡിന്റെ കീഴിൽ എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിരുന്നുവോ; വ്യക്തമാക്കാമോ?

നടപ്പിലാക്കിയിരുന്നു. രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി 1992-1997 കാലഘട്ടത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ കാങ്കോൽ ആലപ്പടമ്പ് പഞ്ചായത്തിലുള്ള രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി പ്രകാരം 29 വീടുകൾ നിർമ്മിക്കുകയുണ്ടായി.

(ബി) എത്ര പേർക്കാണ് വീട് അനുവദിച്ച് കൊടുത്തതെന്ന് അറിയിക്കാമോ?

27 പേർക്ക് വീടുകൾ അനുവദിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(സി) അതിൽ എത്രപേർക്കാണ് പട്ടയം അനുവദിച്ചുകൊടുത്തിട്ടുള്ളത്; വിശദമാക്കാമോ?

കാഞ്ചോൽ വില്ലേജിൽ റി.സ.157/7-ൽപ്പെട്ടതും ഹൗസിംഗ് ബോർഡിന്റെ കൈവശത്തിലുള്ളതുമായ സ്ഥലത്ത് താമസിക്കുന്ന 6 പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്.

(ഡി) അനുവദിച്ച് നൽകിയ വീടുകളിൽ നിലവിൽ എത്ര വീടുകളിലാണ് ആളുകൾ താമസിക്കുന്നത്; ആളുകൾ താമസിക്കാൻ വിമുഖത കാണിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ?

4 വീടുകളിൽ താമസമുണ്ട്. കാഞ്ചോൽ ആലപ്പടമ്പ് രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയിൽ കുടിവെള്ള ക്ഷാമം, വൈദ്യുതി ലഭ്യമാകാത്തത് എന്നീ കാരണങ്ങൾ ഒട്ടേറെപ്പേർ അവിടെ താമസിക്കാതിരിക്കാനുള്ള കാരണമായി അറിയിച്ചിട്ടുണ്ട്. 25 വർഷങ്ങൾക്ക് മുമ്പ് നിലവിലുണ്ടായിരുന്ന കേരളത്തിലെ സാമൂഹ്യ സാഹചര്യം കണക്കാക്കി നിർമ്മിച്ച വീടുകളാണ് അവ. പാവപ്പെട്ടവർക്കു വേണ്ടി അന്നത്തെ സർക്കാർ രൂപം നല്കിയ പദ്ധതിയിൽ ഒരു വീടിന്റെ തറ വിസ്തീർണ്ണം 28 മീറ്റർ സ്ക്വയർ മാത്രമായിരുന്നു. അന്നത്തെ അവസ്ഥയിൽനിന്നും കേരള ജനതയുടെ ജീവിത നിലവാരം ഇന്ന് വളരെ ഉയർന്നിരിക്കുന്നതിനാൽ നിലവിൽ അത്തരം വീടുകളിൽ താമസിക്കാൻ ആളുകൾ വിസമ്മതിക്കുന്നു.

(ഇ) പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഈ പദ്ധതിയിൽ 4 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഇത്തരം പദ്ധതി വീടുകൾ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിക്കഴിഞ്ഞാൽ പിന്നീട് വീടും പരിസരവും സൂക്ഷിക്കേണ്ടത് ഗുണഭോക്താക്കളും അവരുടെ കൂട്ടായ്മയുമാണ്. ഇത്തരം പദ്ധതികളിൽ വീണ്ടും പണം മുടക്കാൻ സർക്കാർ തലത്തിൽ പിന്നീട് പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. വീടുകൾ ലഭിച്ച ഗുണഭോക്താക്കൾ ദീർഘകാലം വീടുകളിൽ താമസമില്ലാത്തതിനാലും വീടുകൾക്ക് ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യാത്തതിനാലും പല വീടുകളും വാസയോഗ്യമല്ലാതായിരിക്കുകയാണ്.

**ഗൃഹശ്രീ പദ്ധതി**

350(2706) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടില്ലാത്തവർക്ക് വീട് നിർമ്മിക്കുന്നതിനായി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് എന്നറിയിക്കാമോ?